MR. M. K. NILAKANTA AIYAR: Sir, the whole question was discussed yesterday and the Dewan-President explained to the House what the attitude of the Government is in this matter. It was also explained that this Milade—Sheriff is not a general holiday either in Bombay or in Madras. I cannot understand, Sir, what the real difficulty is.

MR. P. S MUHAMED : ഇവിടത്തെ മഹാരാജാവു തിരുമനസ്സിനോട് വളരെക്കാലം മുറവിളിക്കൂട്ടിയതിന്റെ ഫലമായി ഇതു് ഒഴിവുദിവസമായി അനുവദിച്ചുതന്നിട്ടുള്ളതാണെന്നുള്ള വിവരം അറിയാമോ?

MR. M. K. NILAKANTA AIYAR : ഒരു അവസരത്തിൽ അതു് അനുവദിച്ചു എന്നു വിചാരിച്ചു പിന്നീടു് മരിക്കൽ മാറുന്നതുകൊണ്ടു് വിരോധമുണ്ടോ ?

MR. P. S. MUHAMED : മറ്റു സമുദായക്കാർക്കു് പൊതുഒഴിവുദിവസം അനുവദിച്ചു കൊടുക്കുന്നതുപോലെ പ്രധാനപ്പെട്ട സമുദായമായ മുസ്ലീങ്ങൾക്കു് ഇതു അനുവദിച്ചു കൊടുത്തില്ലെങ്കിൽ സമുദായത്തിനിടയ്ക്കു് വലുതായ തെറ്റിദ്ധാരണക്കു് ഇടയാകുമെന്നുള്ള വിവരം അറിയാമോ?

MR. M. K. NILAKANTA AIYAR : അങ്ങിനെ തെറ്റിദ്ധാരണയുണ്ടാകും എന്നുള്ള അഭിപ്രായത്തോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. മുസ്ലീമിങ്ങൾക്കു് ഉള്ള റംസാനും ബക്രീഡും ദിവസങ്ങൾ ജനറൽ ഹാളിഡേസ് ആണ്. അതിൽ ഒരു ദിവസം കുറച്ചു ഇതിനു പകരമായി കൊടുക്കുന്നതിനു മെമ്പർക്കു സമ്മതമാണോ?

MR. P. S. MUHAMED: ദിവാൻ പ്രസിഡൻറ് അവർകൾ പ്രസ്താവിച്ചതുപോലെ സ്പെഷ്യൽ ഹാളിഡേസിൽ എത്ര എണ്ണം കുറച്ചാലും ഈ ദിവസം പബ്ലിക്ക് ഹാളിഡേയായി അനുവദിച്ചുകിട്ടണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. M. K. NILAKANTA AIYAR : ഒഴിവുദിവസങ്ങളെക്കുറിച്ചുള്ള ഗവണ്മെൻറിൻെറ നയം എന്താണെന്ന വ്യക്തമായി ദിവാൻപ്രസിഡൻറ് അവർകൾ ഇന്നലെ ഈ സഭമുൻപാകെ പ്രസ്താവിച്ചു കഴിഞ്ഞു. അതിനെ സംബന്ധിച്ചുള്ള സഭയുടെ തീരുമാനം എന്താണെന്ന് അറിഞ്ഞതിനുശേഷമല്ലാതെ ഇതിനു മറുപടി പറയാൻ നിവർത്തിയില്ല.

MR. P. S. MUHAMED: ഈ സഭയുടെ തീരുമാനം അറിയണമെന്ന് പറയുന്നതുകൊണ്ട് ഞാൻ ഇതിനെ പ്രസ്സ് ചെയ്യണമെന്നതന്നെ വിചാരിക്കുന്നു.

PRESIDENT : What I said yesterday was that if I was assured that the Hindus who have got ten holidays would meet amongst themselves and select five which they hold to be most important, if the Christians who have got ten holidays would come to an agreement amongst themselves and decide on five of the most important of them, and if the muhammadans who have got six holidays would come together and select of three of the most important of them, then those will be added to the general holidays and that might be a possible solution of the whole question, without introducing all those complications referred to yesterday. That statement of mine still stands It is open to the honourable member to take his own line in the matter.

MR. P. S. MUHAMED: Then I withdraw the motion.

The motion was, by leave of the House, withdrawn.

Motion No. 237.

MR. P. S. MOHAMED : ജനറലും റവന്യൂവും സെക്രട്ടേറിയറ്റ് എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുള്ള ൨,൬൦,൫൦൦ രൂപയിൽ നിന്നും ഒരു രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

ഇതിൻെറ ഉദ്ദേശം പബ്ളിക്ക് സർവീസിനെ സംബന്ധിച്ച് ഒരു വിമർശനം നടത്തണമെന്നുള്ളതല്ല. അതിനെ സംബന്ധിച്ച് ഈ നിയമസഭയിൽനിന്ന് ചില നിശ്ചയങ്ങൾ പാസാക്കുകയും അവ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ ആ പ്രശ്നത്തെപ്പറ്റി സംസാരിച്ച് ഈ സഭയുടെ സമയം കളയണമെന്ന് വിചാരിക്കുന്നില്ല. പബ്ളിക്ക് സർവീസ് കമ്മീഷണരുടെ പരിധിക്കു വെളിയിലുള്ള നിയമനങ്ങൾ നടത്തുമ്പോൾ തീരെ പ്രാധിനിധ്യമില്ലാത്ത അതായതു മുസ്ലീമിങ്ങൾക്ക് തീരെ പ്രാതിനിധ്യം ലഭിക്കാത്ത സ്ഥാനങ്ങളിലെ നിയമന സംഗതിയിൽഗവണ്മെൻറ് ശ്രദ്ധ പതിപ്പിക്കണം എന്നുള്ളതാണ് പ്രധാനമായി പറയാനുള്ളത്. ഇവിടത്തെ പ്രധാനഡിപ്പാർട്ടുമെൻറായ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽതന്നെ ഒരു മുൻസിഫായിട്ടോ ഗവണ്മെൻറ് പ്ലീഡറായിട്ടോ ഒരു മുസ്ലീമും ഇല്ലെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

തു് എല്ലാവർക്കും അറിയാവുന്നതാണു്. അതിനുതക്ക യോഗ്യതയുള്ളവർ മുസ്ലീമങ്ങളുടെ ഇടയിൽ ഉണ്ടെന്നതന്നെയാണു് എനിക്കു് തോന്നുന്നതു്. അതുകൊണ്ടാണു് ഈ സംഗതി പ്രത്യേകമായി എടുത്തു പൂണ്ടിക്കാണിച്ചതു്. മുസ്ലിം സമുദായത്തെപ്പോലെതന്നെ ജനസംഖ്യയുള്ള ലാറ്റിൻ ക്രിസ്ത്യാനികളെ നോക്കിയാൽ ഈ അടുത്തകാലത്തുതന്നെ രണ്ടുപേരെ അവരുടെയിടയിൽനിന്നും ഗവണ്മെൻറു പ്ലീഡർമാരായി എടുത്തിട്ടുണ്ടു്. സാരസ്വത ബ്രാഹ്മണരുടെയിടയിൽനിന്നും ഒന്നിലധികംആളുകൾ ഈ ഉദ്യോഗത്തിലിരിക്കുന്നുണ്ടു്. ഇങ്ങനെ അപ്രധാനസമുദായങ്ങളിൽപ്പെട്ടവക്കുതന്നെയും പ്രാതിനിധ്യവിഷയത്തിൽ കൂടുതൽ സൗകര്യം ചെയ്തിട്ടുണ്ടു് എന്നു് കാണാവുന്നതാണു്. ഇങ്ങനെയുള്ള നിയമനം തന്നെ ഏറ്റവും യോഗ്യതയുള്ള ആളുകൾക്കാണു് കൊടുത്തിരിക്കുന്നതു് എന്നു് പറയുവാനും നിവൃത്തിയില്ല. എങ്കിലും ഗവണ്മെൻറിൻെറ ദൃഷ്ടി ഈ വിഷയത്തിൽ പതിഞ്ഞു് കാര്യക്ഷമതയുടെ ഭംഗംകൂടാതെ ഇരിക്കത്തക്ക നിലയിൽപ്രാതിനിധ്യക്കുറവിനെ നശിപ്പിക്കാൻ പല സമുദായങ്ങളിൽനിന്നും നിയമനങ്ങളും നടത്തിയിട്ടുണ്ടു്. ആ നയം മുസ്ലീമിങ്ങളുടെ നേർക്കും അനുവർത്തിക്കേണ്ടതും വളരെ അത്യാവശ്യമാണു്.

MR. M. R. NARAYANA PILLAI: തിരുവിതാംകൂറിലെ ഏറ്റവും ഉയർന്ന ഉദ്യോഗമായ ദിവാൻപദത്തിൽ ഒരു മുസ്ലീം ഇരുന്നിട്ടുള്ള വിവരം അറിയാമോ?

MR. P. S. MUHAMED: ഇവിടത്തെ ദിവാൻപദത്തിൽ മുസ്ലീമിങ്ങളും ഇരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ വന്നിടത്തോളം അബദ്ധം തന്നെയാണു്.

MR. P. KUNJUKRISHNAN: In supporting the motion I wish to point out the necessity for showing a more considerate policy so far as Ezhavas are concerned. I would first of all point out that so far as the Secretariat is concerned.

MR. P. SIVARAMA PILLAI: Sir, is a reference to Ezhavas in order in a motion about Muslims?

PRESIDENT: Very recently, just before lunch, I gave a ruling that in regard to these motions on a reduction of the total grant, what may be called relevancy to the particular subject is not to be insisted on meticulously. Of course, I do not want to put an argument in the mouth of the honourable member; but he might say that the lack of sympathy which has been evident in the case of Muslims is further evident in the case of the Ezhavas and thus it is possible to bring his point within the scope of relevancy.

MR. P. KUNJUKRISHNAN: So far as the Secretariat is concerned it appears from a casual perusal of the number of clerks in the Secretariat, that the Ezhava community suffers from under-representation.

LIBRARY ARCHIVES Kerala Legislative Assembly

MR. M. K. NILAKANTA AIYAR: Is the honourable member aware that there are eleven Ezhava clerks in the Secretariat?

MR. P. KUNJUKRISHNAN: So far as Secretariat is concerned the Ezhavas suffer under representation. My submission is that a considerate policy should be shown towards that community. On one occasion I remember to have heard from the Chief Secretary that there are not sufficient number of qualified hands for being appointed to a high status and position in the Secretariat. I do not agree with that suggestion. Appointments drawing a salary of Rs. 100 and over are generally confined to posts such as Superintendents, Assistant Secretaries, Secretaries, etc. Analysing the number of appointments held by the Ezhavas in that department I have to regretfully submit that there is only one Ezhava in that branch. That, I beg to submit is not a very satisfactory position at the present moment.

PRESIDENT: The honourable member's point I think was that amongst a certain number of appointments in the Secretariat there is only one Ezhava or something of the kind. The general progress in the Secretariat is by promotion, and people are not directly appointed as Secretaries or something like that from the Bar or from other sources. That being the case how then infiltration to the top is to be achieved?

MR. P. KUNJUKRISHNAN: I am only pointing out to the Government the possibility of appointing the members of the Ezhava Community for the places of Superintendents, Assistant Secretaries and Secretaries. I appeal to Government the necessity of adopting some such measure so that inequalities in the appointments of Ezhavas may be removed to a certain extent. There are instances to show that in the Secretariat persons from other unrepresented communities have been appointed during the availability of qualified Ezhavas from outside Secretariat. I have known two such gentlemen who have been appointed as Assistant Secretaries from outside the Secretariat. My point is that two gentlemen have been taken over to the Secretariat from outside. So I would urge on the attention of Government that when they are considerate to the representation of other communities in the Secretariat there is all the more reason why they should show consideration to the Ezhava community because of the fact that there are a good number of persons available with educational qualifications. Besides that they are numerically a very important community and that has been duly recognised by Government.

When I say all these I am sure that there will be so many disagreeing with that. The statistics show that under-represented communities gain much by way of representation in the Secretariat. I am even tempted to say what else is Secretariat for. A community which has been labouring under very many disabilities, a community which due to historical reasons was not even admitted to schools for a very long time, a community which can boast of having produced qualified hands in good numbers, towards such a community I submit that Government should show consideration so far as appointments to the Secretariat are concerned. Coming to the lower ranks of appointment in the Secretariat, there also I find that the Ezhava Community is

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan.]

not represented adequately. I may point out that in recent years even exemptions from the operation of the Public Service Recruitment Rules were denied to that community whereas the unrepresented communities were treated on a different manner. On the ground of exemption, some of he backward communities got appointments in the Secretariat.

MR. M. K. NILAKANTA AIYAR: That information, I beg to submit, is wrong. During last year, two persons were exempted from the operation of the Public Service Recruitment Rules. They are in office now.

MR. P. KUNJUKRISHNAN: May I know, do they get a continuous place?

MR. M. K. NILAKANTA AIYAR: Yes.

MR. P. KUNJUKRISHNAN: May I know their names?

MR. M. K. NILAKANTA AIYAR: I will find that out from the file.

MR. P. KUNJUKRISHNAN: In a general way I shall try to convince the House how the Ezhavas have suffered in the matter of representation in the various departments of Government. I shall show the necessity of giving them a considerate treatment in the matter of appointments. This morning in reply to an interpellation it was answered that in the Judicial Department there are not many Ezhava officers. I think there are about one or two who receive a salary of over Rs. 200. In the Land Revenue and Income Tax Department, out of 60 and odd officers drawing over a salary of Rs. 100 there are only three Ezhavas. When I say this I do not suggest that appointments should be partitioned on a mathematical basis to this community. I only want to point out that sufficient encouragement should be shown by Government in the matter of appointment of Ezhavas. So far as the Medical Department is concerned, even there there is only one Ezhava out of 53 and odd Medical Officers who are drawing a salary of over Rs. 100. I know personally that there are fully qualified Ezhavas in the Medical profession and who are without posts. As for the selection to the Madras Medical College for the last 8 years, there was no Ezhava.

At the special instance of Government one Ezhava has been selected and I thank Government for it.

MR. MURUKKUMPUZHA V. KUNJUKRISHNAN: What has the member to say about the selection to the Travancore Engineering College?

MR. P. KUNJUKRISHNAN: I shall come to that presently. With regard to the Education Department, where there are about 500 graduate teachers, the Ezhavas can be counted at one's finger-ends. Similarly in the University there are not as many Ezhavas as there ought to be. So far as the Transport Department is concerned it was stated in answer to an interpellation that the department being a commercial concern appointments on communal representation are not relevant. On a former occasion it was replied that in making appointments in the Transport Department the principle of communal representation will be followed as far as possible. Now a different answer

LIBRARY ARCHIVES Kerala Legislative Assembly

has been given. The Government have stated that giving of appointments on communal representation can no longer exist there. I cannot understand the logic of that position. In a department run by the money of the people why not the principle of communal representation be followed in the matter of recruitment. It may be conducted on a commercial scale in so far as the success of the department goes. But to say that the principle of communal representation cannot be adopted there does not stand to reason. A number of Checking Inspectors have been appointed in the Department out of which there is only one Ezhava. In the case of Conductors also the same principle has been followed. Why should a community which contributes to the wellbeing of the State, a community so numerous, a community which has supplied duly qualified persons in all branches of learning, why should such a community be shorn of its proper share simply on account of the fact that the commercial department is not going to make appointments on communal basis.

As regards the University, in answer to an interpellation of my honourable friend Mr. Kunjukrishnan relating to candidates who applied for admission to the Degree, Diploma and Certificate Courses in the Travancore Engineering College and also to the Forestry Course, I find that only 7 Ezhavas were admitted out of a total number of 120 candidates. I have all respect for the persons in charge of the University. In spite of all that things have taken place in a different fashion. Out of 120 candidates selected for the Engineering College only 7 Ezhavas have come in. I know sufficiently well the manner in which the students were admitted to the Engineer College.

MR. C. V. CHANDRASEKHARAN: Does not the honourable member think that 7 out of 120 is a very reasonable proportion for Ezhavas?

MR. P. KUNJUKRISHNAN: No, Sir. I shall illustrate it when the time comes. I humbly point out that in the way in which communities are represented in the different departments of Government, in the way in which communities are enabled to co-operate and take share in the workings of Institutions; on that depends the future progress, culture, and the wellbeing of the department.

That means that the future of the community depends upon the way in which they are allowed to take part in the activities of the University. So my submission is that all communities should be given their due share, of course without detriment to qualification and merit.

In conclusion I may add one word with regard to the Devaswom Department. Even though it is many years since Devaswom was separated from the Revenue, the Ezhava community, a community which is no less zealous than any other Hindu community is not given its due dhare, in the Devaswom Department. I request that the earnest attention of the Government may be drawn to that.

MR. THARIATHU KUNJITHOMMEN: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പബ്ലിക്ക് സർവീസ് സംബന്ധിച്ച് അസമത്വം അനുഭവിക്കുന്ന സമുദായങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടി ന്യായമാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

യ വിധത്തിൽ എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം ലഭിക്കത്തക്കവ ണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണെന്ന ഗവണ്മെൻറ് ഭാഗത്തു നിന്നും ചീഫ് സെക്രട്ടറി പറയുകയുണ്ടായി. അതുകൊണ്ട് ആ വ്യവസ്ഥ കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തി എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം കിട്ടാൻ ഉടനെ ഏർപ്പാടുകൾ ചെയ്യണമെന്നപേക്ഷിക്കു ന്നു. എന്നാൽ പബ്ലിക്ക് സർവ്വീസ് കമ്മീഷണരുടെ പരിധിയിൽ നിന്നും അപ്പുറത്തുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ച് എനിക്കു അല്പം പ റയുവാനുണ്ട്. താണപടിയിൽനിന്നും മേൽപോട്ട പോകുവാൻ ഈ അ ടുത്തകാലത്തെങ്കും നിവർത്തിയില്ലാത്തവിധത്തിലാണ് ഇന്ന് സിറിയൻ ക്രസ്ത്യാനികളുടെ അവസ്ഥ. തഹശീൽദാരായിട്ട ഒരൊറ സിറിയൻക്രസ്ത്യാനിപോലും ഇന്നില്ല.

MR. M. K. NILAKANTA AIYAR : മജിസ്ട്രേട്ടന്മാരായിട്ടില്ലേ?

MR. THARIATHU KUNJITHOMMEN : അരിയെത്രയുണ്ടെന്നുചോദിച്ചാൽ പയറഞ്ഞാഴിയാണെന്ന പറയുന്ന മറുപടികൊണ്ട് തൃപ്തിപ്പെടാൻ എനി ക്കു നിവർത്തിയില്ല. തഹശീൽദാരന്മാർക്കുപകരം രണ്ടോമൂന്നോ മജി സ്ട്രേട്ടന്മാരെക്കൊണ്ട് ചീഫ് സെക്രട്ടറിയുടെ സമുദായം തൃപ്തിപ്പെടുമോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഒന്നോ രണ്ടോ മജിസ്ട്രേട്ടന്മാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ടെന്നുള്ളതിനെ പരിഗണിച്ച് അവർ തഹശീൽ ദാരന്മാരായി വരുന്നതുവരെ ഞങ്ങൾ ഒന്നും ചെയ്യാതെ ഇരിക്കണമെ ന്നാണോ ചീഫ് സെക്രട്ടറി പറയുന്നത്. ഞങ്ങളുടേ ആരുടേയും തെ റുകൊണ്ടല്ലാ സിറിയൻ ക്രസ്ത്യാനികളെ മുൻപെക്കുട്ടി മജിസ്ട്രേട്ടന്മാരാ യിട്ടും മറ്റും നിയമിക്കാത്തിരുന്നത്. അതുപോലെതന്നെ, സിറിയൻക്ര സ്ത്യാനികളിൽ ഒരൊറ ഡിവിഷൻ അസിസ്റ്റൻറന്മാരില്ല. ടെക്കനി ക്കൽ കാളിഫിക്കേഷൻ വേണ്ടതായ ഉയർന്ന ഉദ്യോഗങ്ങളിൽ സിറിയൻ ക്രസ്ത്യാനികാം ആരുംതന്നെയില്ല.

PRESIDENT : Was there not one successful candidate to the Travancore Civil Service.

MR. M. K. NILAKANTA AIYAR Yes, Sir.

MR. THARIATHU KUNJITHOMMEN: എന്തായാലും അസിസ്റ്റൻറ് പേ ഷ്കാരന്മാരായി ആരുമില്ല. സെക്രട്ടറിയേറ്റിൽ ൫൦൦ രൂപയ്ക്കുമേൽ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ ഒരാളുമില്ല. സിറിയൻക്ര സ്ത്യാനികളായ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ ആരുംതന്നെയില്ല. സെക്രട്ടറിയേറ്റും ഡിപ്പാർട്ടുമെൻറൽ അദ്ധ്യക്ഷന്മാരും ക്രൂടിയാണല്ലോ ഈവിടത്തെ ഭരണകൂടത്തെ തിരിച്ചുകൊണ്ടുപോകുന്നത്. ഗവണ്മെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന പ്രസിദ്ധീകരിച്ചിരിക്കുന്ന അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഒരു ഭാഗത്തു ഭരണകാര്യങ്ങൾ ഡിപ്പാർട്ടുമെൻറൽ അദ്ധ്യക്ഷന്മാരുമായി ആലോചിച്ച് നടത്തിവരുന്ന എന്നു പറഞ്ഞുകാണുന്നു. ആ നിലയ്ക്ക് സിറിയൻ ക്രസ്ത്യാനികൾക്കും ഇതിലെല്ലാം പങ്കുകൊള്ളുന്നതിനുള്ള അവകാശമുണ്ടല്ലോ. ഭൂനികുതികൊണ്ടോ അല്ലെങ്കിൽ മറേറതെങ്കിലും കാര്യം കൊണ്ടോ ഞങ്ങൾ ആർക്കും പിന്നിലല്ല. ഒരുതരത്തിലും ഞങ്ങളെ അവഗണിക്കപ്പെടേണ്ട കാര്യമില്ല. ജനസംഖ്യയിൽ ഞങ്ങൾ മൂന്നാമതു നിൽക്കുന്നു. അങ്ങനെയുള്ള ഞങ്ങൾക്കു ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷന്മാർ മുപ്പതുപേരുണ്ടായിരുന്നിട്ടു അതിൽ ഒരാളുമില്ല. സെക്രട്ടറിയേറ്റിൽ ഫ ൦ ൦ രൂപയ്ക്കുമേൽ ശമ്പളമുള്ളവരും മുപ്പതുപേരുണ്ട്. അവിടേയും സിറിയൻ ക്രസ്ത്യാനികളാരുംതന്നെയില്ല. ഇതുപോലെ ഉയർന്ന ഉദ്യോഗങ്ങൾ ഏതെടുത്തു നോക്കിയാലും സിറിയൻക്രസ്ത്യാനികൾക്കു ഇവിടെ ഒരു പ്രാതിനിധ്യവുമില്ലെന്നു കാണാൻ കഴിയും. സാമ്പിളിനു ഒരു മുൻസിഫ്മാത്രമുണ്ട്. താണപടിയിൽനിന്നു മേൽപ്പോട്ടുള്ള പ്രമോഷൻ കൊടുത്തുയർത്തപ്പെടേണ്ടതായ ഈ സ്ഥാനങ്ങളിൽ എങ്ങിനെയാണ് പെട്ടെന്ന് സിറിയൻക്രസ്ത്യാനികളെ നിയമിക്കുന്നതു് എന്നു ചോദിച്ചേക്കാം. എങ്ങിനേയാണോ ജഡ്ജിയായിരുന്ന മി: ശങ്കരനേ സെക്രട്ടറിയായി നിയമിച്ചതു്, അല്ലെങ്കിൽ, എങ്ങിനെയാണോ ഒരു എ ്സൈസ് ഇൻസ്പെക്ടരായിരുന്ന മുസ്ലിമിനെ ഒരു തഹശീൽദാരായി മാറിയതു അത്തരത്തിലുള്ള ഒരു മാറ്റംകൊണ്ടു ഈ കാര്യം നിർവഹിക്കാവുന്നതാണ്. എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറിനു മനസ്സില്ലാ എന്നു ഞാൻ പറയുന്നില്ല. എന്നാൽ സമുദായങ്ങളുടെ അവശതകളെ അതാതു സമയത്തു കണ്ടുപിടിച്ചു് തൽപരിഹാരാർത്ഥം വേണ്ടതു ഉടനടി നടത്തണമെന്നാണ് എനിക്കു പറയുവാനുള്ളു്. പബ്ലിക്ക് സർവീസിനെസംബന്ധിച്ചു് ഗവണ്മെൻറു വേണ്ട വ്യവസ്ഥ ചെയ്തുകഴിഞ്ഞു. താണപടിയിലുള്ള ഉദ്യോഗങ്ങൾക്കു് ജനസംഖ്യാനുപാതികമായ വ്യവസ്ഥയും ചെയ്തുകഴിഞ്ഞു. അവിടേയും ഞങ്ങൾക്കു രക്ഷയില്ല. ജനസംഖ്യാനുപാതികപ്രശ്നത്തിലും ഞങ്ങൾക്കുള്ള സംഖ്യ വളരെ കുറവാണു. ഡിപ്പാർട്ടുമെൻറിൽ ഉയർന്നപടിയിൽ ഇരിക്കുന്നവർ എങ്ങിനെയെങ്കിലും അവരുടെ കാര്യം നോക്കിക്കൊള്ളും. വാസ്തവത്തിൽ, മറു സമുദായക്കാരുടെ അവകാശങ്ങളെ ഇവർ മോഷ്ടിച്ചെടുക്കുകയാണ് ചെയ്യുന്നതു. ഒരു വ്യക്തിയുടെ അവകാശം മോഷ്ടിച്ചെടുക്കുന്നതിനേക്കാൾ ഗുരുതരമായ ഒരു കുറ്റമാണ് ഒരു സമുദായത്തിന്റെ അവകാശം മോഷ്ടിക്കുന്നതു്. അതുകൊണ്ടു ഇപ്രകാരമുള്ള നിയ

LIBRARY ARCHIVES Kerala Legislative Assembly

മനങ്ങൾ ഉണ്ടാകുമ്പോൾ ഗവണ്മെൻറു് അതു കണ്ടുകൊണ്ടിരിക്കുവാൻ പാടുള്ളതല്ല. പബ്ളിക്കുസർവ്വീസ് റിക്രൂട്ടുമെൻറു രുളുകളിൽ ടെക്ക്നിക്കൽ കാളിഫിക്കേഷൻ വേണ്ടവരെപ്പറ്റി പ്രത്യേകം ഒരു വകുപ്പു പറയുന്നുണ്ടു്. അങ്ങിനെയുള്ളവരെ നിയമിക്കേണ്ടിവരുമ്പോൾ ഡിപ്പാർട്ടുമെൻറൽ അല്ലക്ഷന്മാരുടെ ഉപദേശംകൂടി വാങ്ങിച്ചുവേണം അത്തരം നിയമനങ്ങൾ നടത്തുവാനെന്നു അതിൽ പറയുന്നുണ്ടു്. ഗവണ്മെൻറു് അവരുടെ ഉപദേശങ്ങൾ വാങ്ങിക്കുമ്പോൾ ആണു് കുഴപ്പങ്ങളെല്ലാമുണ്ടാകുന്നതു്. മേലുദ്യോഗസ്ഥന്മാർ അവരുടെ ചാർച്ചയിലും വേഴ്ചയിലും സമുദായത്തിലുമുള്ളവരെ എങ്ങിനെയെങ്കിലും ഉദ്യോഗത്തിൽ പ്രവേശിപ്പിക്കുവാൻ ശ്രമിക്കും. ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പെൻഷൻപറ്റി പിരിയുന്നതിനകം കുറഞ്ഞതും എട്ടോൻപതു സംബന്ധക്കാരെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിച്ചതിനുശേഷമെ പോകുകയുള്ളൂ. കുസ്ത്രീനികം തന്നെ മേലദ്ധ്യക്ഷന്മാരായിരുന്ന വകുപ്പുകളിലാണു് ഇന്നു സിറിയൻകുസ്ത്രീനികം ഒട്ടും പ്രാതിനിധ്യമില്ലാതെയിരിക്കുന്നതു്. മുൻപു കുസ്ത്രീനികളെ ഏറക്കുറെ നിയമിച്ചിരുന്നു. അപ്പോൾ സിറിയൻകുസ്ത്രീനി എന്നൊരു പുതിയ നാമമുണ്ടായി. ഇങ്ങനെയുള്ള ഉർന്നയം കൊണ്ടാണു മറ്റുള്ളവർക്കു ഒരു രക്ഷയുമില്ലാതെ വന്നതു്. അധികാരങ്ങളാണു് ഉദ്യോഗങ്ങളെന്നു പറയുന്നതു്. ചെറിയ ഉദ്യോഗങ്ങൾക്കു് ചെറിയ അധികാരം. വലിയ ഉദ്യോഗങ്ങൾക്കു് വലിയ അധികാരം. മഹാരാജാവുതിരുമനസ്സിലെ വാത്സല്യപുത്രകളായ ഈ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കും പബ്ളിക്ക്സർവീസിൽ പ്രവേശിക്കുവാൻ അധികാരമുണ്ടു്. ഗവണ്മെൻറിൻെറ ചട്ടങ്ങളനുസരിച്ചു് നിയമങ്ങൾ പാലിക്കുവാനും പാലിക്കപ്പെടുവാനും എല്ലാ വർഗ്ഗക്കാർക്കും അവകാശമുണ്ടു്. ചില വർഗ്ഗക്കാർ എന്നും നിയമങ്ങൾ പാലിക്കുവാനും മറുചിലർ എന്നും നിയമത്തിനു വിധേയരായിരിക്കുവാനും ഇടവരുത്തുന്നതു ഒരിക്കലും സാധുകരിക്കത്തക്കതല്ല. അതു എന്നും തുടർന്നുകൊണ്ടുപോകുവാൻ സാധിക്കയുമില്ല. പബ്ലിക്ക്സർവീസ് ഇപ്പോൾ ഏതാനും വർഗ്ഗക്കാർക്കുമാത്രം പാരമ്പര്യമായി കിട്ടിക്കൊണ്ടിരിക്കയാണു്. ഒരു വർഗ്ഗത്തിനു എല്ലാവകപാരമ്പര്യങ്ങളുമുണ്ടായിരിക്കണം. കച്ചവടപാരമ്പര്യം, വ്യവസായപാരമ്പര്യം, അതുപോലെ പബ്ളിക്ക്സർവീസ് പാരമ്പര്യം എന്നിങ്ങനെയുള്ള പാരമ്പര്യങ്ങളെല്ലാം എല്ലാസമുദായക്കാർക്കും ഒരുപോലെ ഉണ്ടായിരിക്കണം താഴ്ന്നപടിയിൽനിന്നു ഉയർന്നപടിയിലേക്കു പെട്ടെന്നു് എടുത്തു മാറുവാൻ തരമില്ലല്ലോ എന്നു പ്രഥമ വീക്ഷണത്തിൽതോന്നി

LIBRARY ARCHIVES Kerala Legislative Assembly

യേക്കാം എനിക്കു ഇവിടെ മുൻപു ചീഫ് സെക്രട്ടറിയായിരുന്ന മി. സി. മാധവന്റെ കഥയാണു് പറയുവാനുള്ളതു്. അദ്ദേഹത്തെ ആദ്യം ഒരു മുൻസിപ്പായി നിയമിച്ചു. പിന്നീടു ഡിവിഷൻ അസിസ്റ്റന്റാക്കി ഒടുവിൽ എക്സൈസ് കമ്മീഷണരാക്കി, അടുത്തപടിയായി ചീഫ് സെക്രട്ടറിയുമാക്കി. അങ്ങിനെ അദ്ദേഹം ഒരു ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷനായിത്തീർന്നു. അതുപോലെ, പ്രാപ്തന്മാരായ വക്കീലന്മാരെ സിറിയൻ ക്രസ്ത്യൻ സമുദായങ്ങളിൽനിന്നു തെരഞ്ഞെടുത്തു പടിപടിയായി കയറ്റിക്കൊണ്ടുവരുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ല. സെക്രട്ടറിയേറ്റിൽ ഉദ്യോഗസ്ഥന്മാരായിരിക്കുന്നവർക്കു മാത്രമേ തത്സ്ഥാനങ്ങളിലായി വരാൻ സാധിക്കുകയുള്ളൂ എന്നു പറഞ്ഞതുപോലെ ഈ സ്ഥാനങ്ങളിലെല്ലാം നേരിട്ടുള്ള നിയമനങ്ങൾ നടത്തി പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു. സിറിയൻ ക്രസ്ത്യാനികളുടെ, പ്രത്യേകിച്ചും കത്തോലിക്കാസമുദായത്തിന്റെ, ആവശ്യങ്ങളെ തീർക്കുവാൻ ഗവണ്മെന്റു എപ്പോഴും സന്നദ്ധമാണെന്നുള്ള വസ്തുത ഞങ്ങൾക്കു ബോദ്ധ്യമുണ്ടു്. അതുകൊണ്ടാണു് ഞാൻ ഈ അപേക്ഷ ആവർത്തിച്ചാവർത്തിച്ചു കൊണ്ടു വരുന്നതു്. ഗവണ്മെന്റു ഈ കാര്യത്തിൽ വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു:

MR. A. K. KUMARAN VAIDYAN: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മഹമ്മദീയസമുദായത്തിൽ നിന്നും ഗവണ്മെന്റു പ്ലീഡർ ഉദ്യോഗത്തിനു ആരേയും ഒരു മേൻപൊടിക്കു് എന്നവണ്ണമെങ്കിലും നിയമിച്ചിട്ടില്ലെന്നറിയുന്നതിൽ ഞാൻ നിർവ്യാജം വ്യസനിക്കുന്നു. ആ ഉദ്യോഗത്തിനു് അർഹതയുള്ള ആളുകൾ ധാരാളം ആ സമുദായത്തിൽ ഉണ്ടായിരിക്കെ ഗവണ്മെന്റു് ഈ സങ്കടം എത്രയും വേഗം പരിഹരിച്ചുകൊടുക്കുമെന്നു വിശ്വസിക്കുകയും ഗവണ്മെന്റിനോടു നിർബന്ധിക്കയും ചെയ്തുകൊള്ളുന്നു.

രണ്ടാമതായി എനിക്കു പറവാനുള്ളതു് തിരുവിതാംകൂറിലെ ഡിസ്ട്രിക്ട് കോടതികളിൽ ഒരു ഒറ്റ ഈഴവ ജഡ്ജിയെ നിയമിച്ചിട്ടില്ലെന്നാണു്. രാജ്യമൊട്ടുക്കു ഏട്ടോ പത്തോ ഡിസ്ട്രിക്ട് ജഡ്ജിമാരും രണ്ടോ മൂന്നോ സെക്കൻറ് ജഡ്ജിമാരും ഉണ്ടെന്നാണെന്നു തോന്നുന്നതു. ശരിയായ കണക്കു എനിക്കറിഞ്ഞുകൂടാ. അടുത്തകാലത്തു് ഒരു ഈഴവനെ ഡിസ്ട്രിക്ട് ജഡ്ജിയായി നിയമിച്ചുവെങ്കിലും അദ്ദേഹത്തെ മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു മാറുകയാണുണ്ടായതു്. ആ മാറ്റം കൊണ്ടു് അദ്ദേഹത്തിനു ന്യായമായി കിട്ടേണ്ട പ്രമോഷൻതന്നെ ഇല്ലാതെപോകുകയാണുചെയ്തതു് എന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: What does the hon'ble member mean by deprivation of somebody ?

MR. A. K. KUMARAN VAIDYAN: അദ്ദേഹം സെക്കൻറ് ജഡ്ജിയായിരിക്കയാണെങ്കിൽ ഒട്ടുവിൽ ഒരു ഫൈക്കോടതി ജഡ്ജിയായിത്തീരുമായിരുന്നുഎന്നാണു ഞാൻ വിചാരിച്ചു പറഞ്ഞത്.

PRESIDENT: But why does the Hon'ble member come to that conclusion ?

MR. A. K. KUMARAN VAIDYAN: സാധാരണയുള്ള ഒരറിവുവച്ചുകൊണ്ടു ഞാൻ അങ്ങിനെ പറഞ്ഞുവെന്നെയുള്ളൂ. അടുത്തകാലത്തു മാവേലിക്കരയിൽ ഒരു ഡിസ്ട്രിക്ട് കോടതി തുറക്കുവാൻ പോകുന്നുവെന്നുള്ള സംഗതി എല്ലാവക്കും അറിവുള്ളതാണല്ലോ. അപ്പോൾ ഒരു ഈഴവ ജഡ്ജിയെ നിയമിച്ചു ഈഴവസമുദായത്തിന്റെ സങ്കടത്തെ പരിഹരിക്കുവാൻ ദയവു ഗവണ്മെൻറിനു ഉണ്ടായിരിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. PADIYARA JOSEPH KUNJU (*Changanacherry cum Peermade*): സർ, സ്വതേ ഒരു ദേശീയവാദിയായ ഞാൻ നാടു ഓട്ടമ്പോൾ നടുവേ ഓടണമെന്നു പറയുന്നതുപോലെ മറ്റുള്ളവർ അവരവരുടെ സമുദായത്തിനുള്ള പ്രാതിനിധ്യക്കുറവിനെപ്പറ്റി പറയുമ്പോൾ ഞാൻകൂടി എന്റെ സമുദായത്തെപ്പറ്റി പറയാതിരിക്കുന്നതു ഒരു പോരായ്മ ആയിരിക്കും. അതുകൊണ്ടു് എന്റെ സമുദായത്തെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞ ഓരോ വാചകത്തോടുമല്ല, ഓരോ വാക്കിനോടുമല്ല, അതിന്റെ ഓരോ അക്ഷരത്തോടും ഞാൻ യോജിച്ചുകൊള്ളുന്നു എന്നാൽ മി. കുഞ്ഞിത്തൊമ്മനെപ്പോലെ ഒരു ശുദ്ധാപ്തിവിശ്വാസിയല്ലാ ഞാൻ. പബ്ലിക്കുസർവീസു കമ്മീഷണർ ന്യായംനടത്തിക്കൊള്ളുമെന്നു അദ്ദേഹം വിശ്വസിക്കുന്നു. ഞാൻ അങ്ങനെ വിശ്വസിക്കുന്നില്ല. പബ്ലിക്ക്സർവീസുകമ്മീഷണർ ഇതുവരെ നടത്തിയ നിയമനങ്ങളുടെ ഒരു പട്ടിക നോക്കുന്നപക്ഷം നഗ്നമായ അനീതിയുടെ പാരമ്യമെത്രമാത്രമുണ്ടെന്നു കാണുവാൻ കഴിയും. ഹജൂർക്കച്ചേരിയെപ്പറ്റിത്തന്നെ നോക്കാം. ചീഫ് സെക്രട്ടറി, അദ്ദേഹം ഒരു ബ്രാഹ്മണനാണെന്നു എല്ലാവക്കും അറിയാം. മൂന്നു സെക്രട്ടറിമാരുണ്ട്. അതിൽ ഒരു ക്രിസ്ത്യൻപോലുമില്ല. ആറെ ഏഴോ അസിസ്റ്റൻറ് സെക്രട്ടറിമാരുണ്ട്. അതിൽ ഒരൊറ്റ കത്തോലിക്കനില്ല. അവിടത്തെ ഒന്നാം ഗ്രേഡു ക്ലാർക്കന്മാരിൽ ഒറ്റ കത്തോലിക്കൻ പോലും ഉൾപ്പെട്ടിട്ടില്ല.

MR. M. SIVATHANU PILLAI: മി. കുഞ്ഞിത്തൊമ്മൻ പറഞ്ഞ കാര്യങ്ങളല്ലേ ഇതെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

MR. PADIYARA JOSEPH KUNJU : ഒന്നാം ഗ്രേഡ് ക്ലാക്കന്മാരുടെ കാര്യം അദ്ദേഹം പറഞ്ഞില്ല. പബ്ലിക്കുസർവീസുകമ്മീഷണരോടു ചോദിച്ചാൽ നിയമാനുസരണം നിങ്ങൾക്കു ഉദ്യോഗം കിട്ടിക്കൊള്ളുമെന്നു് അദ്ദേഹം പറയും. ഇപ്പോൾ പുതിയ ഒരു നിയമം വന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ആഫീസിൽ ആരും കയറിപ്പോകരുതെന്നു ഏർപ്പാടുചെയ്തിരിക്കുന്നു. അദ്ദേഹം ആ ഇരുട്ടറയിൽ, ആ ഗർഭഗൃഹത്തിൽ, ഇരുന്നുകൊണ്ടു എന്തെല്ലാമാണു ചെയ്യുന്നതെന്നു ഈശ്വരനല്ലാതെ മറ്റാരും അറിഞ്ഞുകൂടാ. എന്തായാലും അദ്ദേഹം സിറിയൻ കത്തോലിക്കരോടു അനീതിയും അക്രമവുമാണു ചെയ്യുന്നതെന്നു പറയുവാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുന്നു. ഗവണ്മെൻറും ദിവാൻജി ഉൾപ്പെടെയുള്ള മറ്റു അധികൃതന്മാരും പറയുന്നതു "നിങ്ങൾക്കു പക്ഷിലിക്കുസർവ്വീസിലെ പ്രാതിനിധ്യക്കാര്യത്തിനു ഒരു പബ്ലിക്കുസർവീസ് കമ്മീഷണരെ നിയമിച്ചിരിക്കുന്നു. അദ്ദേഹത്തോടുചെന്നു ചോദിക്കുക" എന്നാണു്. ഞങ്ങൾ ഓടി പബ്ലിക്കുസർവീസ് കമ്മീഷണരുടെ അടുക്കൽചെല്ലുമ്പോൾ അവിടെ ആരും കയറരുതെന്നും പറയുന്നു. ഇങ്ങനെ, ഒരുവശത്തു പബ്ലിക്കുസർവീസ് കമ്മിഷണരുടേയും മറുവശത്തു ഗവണ്മെൻറിന്റേയും ഇടയിൽപ്പെട്ടു ഞെരുങ്ങുന്ന ഒരവസ്ഥയാണു ഇന്നു ഞങ്ങൾക്കുള്ളതു. വിദ്യാഭ്യാസമൊ, ജനസംഖ്യയൊ, ധനസ്ഥിതിയൊ, നോക്കുമ്പോൾ മറ്റുള്ളവരെ അപേക്ഷിച്ചു് ഞങ്ങൾ ഒട്ടും പിന്നിലല്ല. എന്തെങ്കിലും ഒരു ന്യൂനത ഞങ്ങൾക്കുണ്ടെങ്കിൽ, പ്രക്ഷോഭണത്തിനുള്ള ഞങ്ങളുടെ ശക്തിക്കുറവു ഒന്നുമാത്രമാണു്. അതു് ഒരു ഗുണമായി എടുത്തു്, ഒരു കാരണമായി കണക്കാക്കി, ഗവണ്മെൻറു ഞങ്ങളുടെനേരെ ദയവുകാണിക്കാതിരിക്കരുതു്. സർ, ക്ഷമയ്ക്കും ഒരതിരുണ്ടു്. ആ അതിരു കടക്കുന്നതിനു ഞങ്ങളെ അനുവദിക്കരുതെന്നാണു അങ്ങയോടു വിനയാദരപൂരസ്സരം എനിക്കു പറയാനുള്ളതു്.

മറ്റൊരുസംഗതി പബ്ലിക്കുസർവീസ് അഡ്വൈസറിബോർഡു ഏർപ്പെടുത്തുവാൻ നിശ്ചയംചെയ്തുവെങ്കിലും അതു ഇതുവരെ നടപ്പിൽ കൊണ്ടുവരാതിരിക്കുന്നതു സങ്കടകരമാണെന്നുള്ളതാകുന്നു. അഡ്വൈസറി ബോർഡു നടപ്പിൽ വരുത്തുമ്പോൾ ഈ ന്യൂനതകളെല്ലാം ശരിപ്പെട്ടുകൊള്ളുമെന്നു ഗവണ്മെൻറുതന്നെ പലപ്പോഴും പറയാറുണ്ടു്. അതിനുള്ള ഒരു നിർദ്ദേശം ഞങ്ങളെല്ലാവരുംകൂടി യോജിച്ചുതന്നിട്ടു് ഇതുവരെഗവണ്മെൻറു എന്തുചെയ്തു എന്നാണു എനിക്കു ഗൗരവപൂർവ്വം ചോദിക്കാനുള്ളതു്. ഗവണ്മെൻറു ഇതുവരെ പറഞ്ഞതു "നിങ്ങൾ എല്ലാവരുംകൂടി യോജിച്ചു് ഒരു നിർദ്ദേശം കൊണ്ടുവരിക, അപ്പോൾ അതേപ്പറ്റി ആലോചിക്കാം"

LIBRARY ARCHIVES Kerala Legislative Assembly

[Mr. Padiyara Joseph Kunju.]

എന്നായിരുന്നു. ഞങ്ങൾ എല്ലാവരും യോജിച്ച് ഒരു നിർദ്ദേശം സമർപ്പിക്കയുണ്ടായി. എന്നാൽ ഇപ്പോൾ അതെപ്പിടെയാണു, എന്താണതിന്റെ ഗതി എന്നൊന്നും ഞങ്ങൾക്കു നിശ്ചയമില്ലാതെയാണിരിക്കുന്നതു്. കഴിയുന്നതും വേഗത്തിൽ അതിനെ സംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാക്കേണ്ടതു അത്യാവശ്യമാകുന്നു.

MR. THAMARAPALLIL KOCHUTHOMMEN (*Tiruvalla*): ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു യോജിക്കുന്നു. എന്നാൽ ഇതിനെപ്പറ്റി അനുകൂലിച്ചു സംസാരിച്ച മെമ്പറന്മാർ അവർ ഏതു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നുവൊ ആ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാസമുദായത്തേയും പ്രതിനിധീകരിച്ചു പറയുന്നതിനുപകരം അവരവരുടെ പ്രത്യേക സമുദായത്തിന്റെ ആവശ്യങ്ങളെപ്പറ്റി മാത്രം പറയുന്നതു് ഉചിതമായില്ല എന്നു എനിക്കുതോന്നുന്നു. അവർ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ അവരുടെ സമുദായക്കാർ മാത്രമല്ല ഉള്ളതു്. എല്ലാ സമുദായക്കാരും അതിൽ ഉൾക്കൊള്ളുന്നുണ്ടു്. നാമിനേറെ മെമ്പറന്മാരാണു ഇതു ചെയ്തതെങ്കിൽ അതിനെ നീതീകരിക്കുവാൻ കഴിയും. എന്നാൽ ജനപ്രതിനിധികൾ ഒരു സമുദായത്തെമാത്രം പ്രതിനിധീകരിക്കുന്നവരല്ല. എല്ലാസമുദായക്കാക്കും ന്യായമായി ചെല്ലേണ്ടിയ അവകാശങ്ങൾ കൊടുക്കാൻ പറയണം. അതുകൊണ്ടു പബ്ലിക്കുസർവീസ് കമ്മീഷണർ ഏതെങ്കിലും നിയമനം നടത്തുമ്പോൾ എല്ലാ സമുദായത്തിന്റേയും അവകാശങ്ങളെ പരിഗണിച്ചു നിയമനങ്ങൾ നടത്തണം എന്നു പറയുകയാണുവേണ്ടതെന്നു എനിക്കു തോന്നുന്നു.

MR. K. P. KOCHUKORA THARAKAN : ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഇതിനെ സംബന്ധിച്ചു എന്റെ സ്നേഹിതൻ മി. പടിയറ ജോസഫ് കുഞ്ഞു് പറഞ്ഞ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഉയർന്ന ഉദ്യോഗങ്ങളിൽ യാക്കൊബറ സമുദായക്കാരിലും ആരുംതന്നെയില്ല. എതായാലും അതിനെപ്പറ്റി ഞാൻ കൂടുതലൊന്നും പറയുന്നില്ല. എന്നാൽ അസമതഹിന്ദുക്കളുടേയും അഹിന്ദുക്കളുടെയും കാര്യത്തിൽ വളരെ സൗജന്യത്തോടുകൂടി ഗവണ്മെന്റു പെരുമാറേണ്ടതാണു. പബ്ലിക്കുസർവീസ് കമ്മിഷണർക്കു ഒരു നിർദ്ദേശം കൂടി കൊടുക്കുന്നതു നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഏതെങ്കിലും ഒരു സമുദായത്തിൽനിന്നു നിയമനം നടത്തുമ്പോൾ തുല്യയോഗ്യതയുള്ള ഒന്നിലധികം അപേക്ഷകന്മാർ ഉണ്ടായിരിക്കുമെങ്കിൽ പ്രാദേശികമായി പ്രാതിനിധ്യക്കുറവുള്ള അപേക്ഷകനു് അതു ലഭിക്കുവാൻ ഏർപ്പാടുചെയ്യുന്നതു നന്നായിരിക്കും. അങ്ങിനെചെയ്യുന്നപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

പ്രാദേശികമായി വളരെഅസമത്വം അനുഭവിക്കുന്നവർക്കുകൂടിഅതിന്റെ ഗുണം ലഭിക്കുന്നതിനു സൗകര്യമുണ്ട്. ഗവണ്മെന്റു ഇക്കാര്യത്തിൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ഏതു ഉദ്യോഗത്തിനും മിനിമം കപ്പാളിഫിക്കേഷൻ ഉള്ളവർക്കു മേൽപറഞ്ഞവിധം ഉദ്യോഗം കൊടുക്കുകയും മിനിമം കപ്പാളിഫിക്കേഷൻ എന്തെന്നു തീർച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. മിനിമം കപ്പാളിഫിക്കേഷൻ നിർണ്ണയിക്കുമ്പോൾ ഓരോ ഉദ്യോഗങ്ങൾക്കും ആവശ്യമെന്നു കാണുന്ന കപ്പാളിഫിക്കേഷൻ ഏതു തന്നെ നിർണ്ണയിച്ചാലും തരക്കേടില്ല. കൂടുതൽ കപ്പാളിഫിക്കേഷൻ ഉള്ളവർ വന്നു മിനിമം കപ്പാളിഫിക്കേഷൻകാരുടെ ജോലി തട്ടിയെടുക്കുവാൻ ഇടകൊടുക്കരുതു്.

MR. PADIYARA JOSEPH KUNJU : ഫിസ്റ്റോറിക്കൽ റീസൺസ് ഇപ്പോഴും ഉണ്ടോ ?

MR. M. K. NILAKANTA AIYAR : സ്പെഷ്യലായിട്ടു നിയമനങ്ങൾ നടത്തുമ്പോൾ ഇതൊന്നും നോക്കാറില്ല.

Government have stated more than once that other things being equal, preference will be given to members of the unrepresented communities in the matter of appoint ments, wherever possible. Reference has been made to the fact that there are no Assistant Secretaries or Superintendents or higher grade clerks from the unrepresented communities in the Secretariat. Reference was also made to the fact that in the matter of recruitment of Tahsildars the claims of the unrepresented communities were overlooked. But I may say Sir, that Tahsildars are invariably recruited from Magistrates and out of 17 Magistrates now, 4 are Catholics and 4 are Ezhavas.

I shall now place before the Assembly a list of the special concessions shown to unrepresented communities in the matter of appointments, particularly Ezhavas and Muslims. Sir, it is a long list and I may take some time to read through the whole list. The list is as follows :

EZHAVAS.

1. R. Raghavan, K. Kochumadhavi and E. K. Madhavan have been exempted from age bar for appointment in the Medical Department.

2. Mr. S. Madhusudanan has been appointed as Honorary House Surgeon without reference to Public Service Commissioner and given a preferential rank among acting Assistant Surgeons.

3. Mr. C. K. Kesavan has been appointed an Honorary House Surgeon without reference to the Public Service Commissioner.

4. Miss Chempakakutti has been selected for admission to the Madras Medical College.

5. Miss K. Pankajakshi and Mr. K. R. Parameswara Panicker (Clerks) and Miss T. Bhagirathi, Typist, have been exempted from age bar for appointment in the Secretariat.

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Nilakanta Aiyar.]

6. Miss Chempakakutti has been similarly exempted and given continuous acting place in the Secretariat.

7. Miss G. Sumathikutti was given continuous acting and confirmed as Typist in the Secretariat.

MR. K. R. NARAYANAN : ഇവരിൽ ചിലർ ഏഴുകൊല്ലത്തേക്കു മുമ്പു സെക്രട്ടറിയേറ്റിൽ കയറിയവരല്ലെ ?

MR. M. K. NILAKANTA AIYAR : അതു എനിക്കറിഞ്ഞുകൂടാ. ഇവരെ പബ്ലിക്ക് സർവീസ് റിക്രൂട്ടുമെൻറു രൂളുകളിൽ നിന്നും എക്സംപ്റ്റുചെയ്തതു കഴിഞ്ഞയാണ്ടിലാണ്.

MR. K. R. NARAYANAN : എൻറെ ചോദ്യമതല്ല. ഇവരിൽ ചിലർ ഏഴു കൊല്ലമായി സെക്രട്ടറിയേറ്റിൽ ജോലിയിലിരുന്നവരല്ലെ?

MR. M. K. NILAKANTA AIYAR : അതു എനിക്കറിഞ്ഞുകൂടാ. ആ സംഗതി ഞാൻ തിട്ടപ്പെടുത്തിയിട്ടില്ല.

8. K. Raghavan, has been exempted from the Public Service Recruitment Rules and appointed peon in the Secretariat.

9. Miss C. K. Gouri Kutti was exempted from the prescribed examination qualifications including Anchal Test and appointed in the Anchal Superintendent's Office as a special case.

10. Mr. T. R. Kesavan was appointed as First Grade Veterinary Surgeon and given the maximum in the scale of Rs. 75-100.

11. Two Ezhavas were given acting appointments in the Central Prison Press.

12. Eight Ezhavas have been recruited in the Press since 1-1-1113 and Mr. N. A. Parameswaran was appointed as clerk in the Government Press exempting him from the Public Service Recruitment Rules.

13. K. Govindan has been exempted from Public Service Recruitment Rules and appointed in the Police Department.

14. Mr. T. K. Madhavan has been similarly exempted and appointed as Probationary Inspector of Police.

15. Mr. M. S. Anirudhan has been appointed as Assistant Registrar of Co-operative Societies.

16. Mr. K. Sankaran has been appointed as Secretary to Government.

17. Messrs. Kesava Panicker and K. Madhavan have been appointed as Stationary Magistrates.

18. Miss M. Lakshmi, L. M. P. has been appointed as Hon. House Surgeon, Victoria Hospital, Quilon in December 1939.

19. Miss N. Parukutti has been appointed as acting Laboratory Attendant.

20. Mr. K. Sukumaran, P. W. D. has been exempted from age bar.

LIBRARY ARCHIVES Kerala Legislative Assembly

21. Twenty two Ezhavas have been entertained in the Electrical Department and 14 in the work establishment of the P. W. D.

MR. K. P. KOCHUKORA THARAKAN: സെക്രട്ടറിയേറ്റിൽ ഇപ്പോൾ എത്ര യാക്കോബായക്കാർ ഉണ്ടെന്നു പറയാമോ?

MR. M. K. NILAKANTA AIYAR: Sir, the time at my disposal is limited and hence I do not yield.

Sir, I last year adverted to the special consideration shown to Muslims. I referred to the appointments of Mr. Kasim as Assistant Secretary, Mr. Zainuddin as Tahsildar, Mr. Abdur Rahiman as Conciliation Officer, Mr. Muhamed as Sub-Registrar, and Mr. Zainuddin as Official receiver.

Now I shall refer to the other appointments made in 1114 and 1115.

PRESIDENT: Your time is up.

Motions 238-270.

As the time allotted for the Demand had expired, the following motions lapsed :—

MR. P. NARAYANA PILLAI.

238. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. N. NARAYANA KURUP:

239. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Rs. 10.

MR. KANNANTHODATH JANARDANAN NAIR:

240. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Rs. 5.

MR. VARKALA K. MADHAVAN:

241. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Rs. 10.

MR. M. L. JANARDANA PILLAI:

242. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. MURUKUMPUZHA V. KUNJUKRISHNAN:

243. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. CODIVEETIL C. RAMANKUNJU:

244. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. CODIVEETIL C. RAMANKUNJU:

245. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:

246. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. K. NARAYANAPERUMAL NADAR:

247. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NARAYANA PILLAI :
248. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. P. V. MATHAI CHEMPARATHY :
249. To rdduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. P. V. MATHAI CHEMPARATHY :
250. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. P. V. MATHAI CHEMPARATHY :
251. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. P. V. MATHAI CHEMPARATHY :
252. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. P. V. MATHAI CHEMPARATHY :
253. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. P. V. MATHAI CHEMPARATHY :
254. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. THARIATHU KUNJITHOMMEN :
255. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. K. P. KOCHUKORA THARAKAN :
256. To reduce the allotment of Rs. 2,70,300 for General and Revenue Secretariat by Re. 1.

MR. K. NARAYANAPERUMAL NADAR :
257. To reduce the allotment of Rs. 6,825 for Salaries by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI :
258. To reduce the allotment of Rs. 27,400 for Public Service Commissioner by Re. 1.

MR. N. NARAYANA KURUP :
259. To reduce the allotment of Rs. 27,400 for Public Service Commissioner by Rs. 10.

MR. T. C. KESAVA PILLAI :
260. To reduce the allotment of Rs. 27,400 for Public Service Commissioner by Re. 1.

MR. K. NARAYANAPERUMAL NADAR :
261. To reduce the allotment of Rs. 27,400 for Public Service Commissioner by Re. 1.

MR. K. KOCHUKORA THARAKAN :
262. To reduce the allotment of Rs. 27,400 for Public Service Commissioner by Re. 1.

MR. A. KUMARAN VAIDYAN :
263. *To reduce the allotment of Rs. 39,400 for Public Service Commissioner by Re. 1.

MR. K. NARAYANAN :
264. *To reduce the allotment of Rs. 39,400 for Public Service Commissioner by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN :
265. *To reduce the allotment of Rs. 39,400 for Public Service Commissioner by Re. 1.

MR. P. S. MUHAMED :
266. To reduce the allotment of Rs. 27,400 for Public Service Commissioner by Re. 1.

MR. C. JEBAMONY NADAR :
267. To reduce the allotment of Rs. 1,300 for books and periodicals by Re. 1.

MR P. V. MATHAI CHEMPARATHY :
268. To reduce the allotment of Rs. 5,900 for Legal Remembrancer by Re. 1.

MR. N. NARAYANA KURUP :
269. To reduce the allotment of Rs. 3,26,700 under Demand VI by Rs. 10.

MR. N. VELU ACHARY :
270. To reduce the total allotment of Rs. 3,26,700 under Demand VI by Re. 1.

The question that Government be granted a sum of Rs. 3,26,700 under Demand VI—General Administration excluding Financial Secretariat, Accountant-General's Office and Legislative Bodies was put and carried.

The Demand was passed and the grant was made.

DEMAND VII—GENERAL ADMINISTRATION.

FINANCIAL SECRETARIAT AND ACCOUNTANT GENERAL'S OFFICE.

MR. S. SUNDARARAJAN (*Financial Secretary to Government*) : Sir, I move for a sum of Rs. 1,96,000 under demand VII—General Administration—Financial Secretariat and Accountant General's Office.

Motions 271 to 273.

The following motions were not moved :

MR. MURUKKUMPUZHA V. KUNJUKRISHNAN :
271. To reduce the allotment of Rs. 5,000 for salaries by Re. 1.

MR. K. R. NARAYANAN :
272. To reduce the allotment of Rs. 5,000 for salaries by Re. 1.

MR. KAVIYOOR K. KOCHUKUNJU :
273. To reduce the allotment of Rs. 13,152 for establishment by Re. 1.

Motion 274.

MR. KAINIKKARA M. PADMANABHA PILLAI (*Changanacherry* cum *Peermade*):

To reduce the total allotment of Rs. 22,500 for Financial Secretariat by Re. 1.

PRESIDENT : I should like to learn from the honourable member whether the motion as is framed is directed towards what may be called the personal aspect of the matter. I should like to know what the honourable member's intention is. If it is a vote of censure upon the Financial Secretary, it may be so regarded. Otherwise, I should like to know the object of the honourable member in moving the motion.

MR. KAINIKKARA M. PADMANABHA PILLAI : Sir, I hope you will kindly allow me to explain a bit.

PRESIDENT : Yes, by all means.

LIBRARY ARCHIVES Kerala Legislative Assembly